കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലൈ 11, വെള്ളി

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 2003 ജൂലൈ മാസം 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *484

വൻകിട-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കുള്ള പ്രോത്സാഹനങ്ങൾ

*1 [484] ശ്രീ. ഡി. സുഗതൻ:
„ വി. ജെ. പൗലോസ്:
„ കെ. ബാബു:
„ വി. ഡി. സതീശൻ:

പ്രൊഫസർ എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ തരം തിരിവിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഇവ ഓരോന്നിനും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകിവരുന്നു;

(സി) ഏതെങ്കിലും പ്രത്യേക ഉൽപ്പാദനരംഗം ഇവയിലേതിനെങ്കിലുംവേണ്ടി നീക്കിവച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി): സർ

(എ) ചെറുകിട, വൻകിട, ഇടത്തരം വ്യവസായങ്ങളുടെ തരംതിരിവും നിക്ഷേപപരിധിയും കേന്ദ്ര സർക്കാരിന്റെ വ്യവസായ മന്ത്രാലയമാണ് നിശ്ചയിക്കുന്നത്. കെ.എസ്.ഐ.ഡി.സി.യുടെ മാനദണ്ഡമനുസരിച്ച് ഇടത്തരം വ്യവസായങ്ങളുടെ പരിധി 1 കോടി രൂപ മുതൽ 5 കോടി രൂപ വരെയും വൻകിട വ്യവസായങ്ങളുടെ പരിധി 5 കോടി രൂപയിൽ കൂടുതലുമാണ്. കൂടാതെ 25 കോടി രൂപയിൽ കൂടിയ പദ്ധതികളെ മെഗാ പദ്ധതികളെന്നും തരം തിരിച്ചിട്ടുണ്ട്.

100 ലക്ഷം രൂപയാണ് ചെറുകിട വ്യവസായത്തിന്റെ പരിധി. എന്നാൽ ഹൊസിയറി, ഹാന്റ് ടൂൾസ്, സ്റ്റേഷനറി, ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ മുതൽമുടക്ക് 5 കോടി വരെയായാലും എസ്.എസ്.ഐ. യൂണിറ്റായി പ്രത്യേകം പരിഗണിക്കുന്നതാണ്.

(ബി) സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹനങ്ങൾ പ്രധാനമായും, വ്യവസായ നയം, ഐ.ടി. നയം എന്നിവയുടെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. വൻകിട-ഇടത്തരം മേഖലയ്ക്ക് സംസ്ഥാന നിക്ഷേപ സബ്സിഡി നൽകിവരുന്നു. കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ നൽകിവരുന്ന പ്രോത്സാഹനങ്ങൾ, സൗജന്യങ്ങൾ, ഇളവുകൾ, സൗകര്യങ്ങൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

ചെറുകിട വ്യവസായ മേഖലയ്ക്ക് നൽകിവരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഉണ്ട്.

(ഡി) ചെറുകിട വ്യവസായ മേഖലയിൽ മാത്രം ഉൽപാദിപ്പിക്കാൻവേണ്ടി 675 ഉൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർ റിസർവു ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

ശ്രീ.ഡി.സുഗതൻ: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ രംഗത്ത് വലിയൊരു കുതിച്ചുകയറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും വൻകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സംസ്ഥാന സർക്കാരിന്റെ വൻകിട വ്യവസായങ്ങൾ എന്നുപറയുന്നത് അധികവും ജോയിന്റ് സെക്ടറിലാണ്. ജോയിന്റ് സെക്ടറിൽ സ്വകാര്യ നിക്ഷേപത്തോടെയുള്ള കുറെ പദ്ധതികളുണ്ട്. അത്തരത്തിലുള്ള ഏകദേശം 40-ഓളം പദ്ധതികൾക്ക് അടുത്ത സമയത്താണ് സ്വകാര്യ നിക്ഷേപമെന്നുള്ള നിലയ്ക്ക് സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് അനുവാദം നൽകിയത്. കേന്ദ്ര സർക്കാരിന്റേതായി റിഫൈനറി എക്സ്പാൻഷൻ പോലെയുള്ള മേജർ പദ്ധതികളുണ്ട്. പല പദ്ധതികളും അതുപോലെ ഉണ്ട്. പ്രത്യേക വ്യവസായമൊന്നും കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുന്നില്ല. അതേയവസരത്തിൽ റിഫൈനറി എക്സ്പാൻഷൻ ഒരു ഉദാഹരണമാണ്. അതുപോലെ മിനറൽ പ്രോജക്ട്-എൻ.എം.ഡി.സി.-യും ഐ.ആർ.ഇ.-യുംകൂടി ചേർന്നുള്ള വൻപദ്ധതിയാണ്. ഇത്തരത്തിലുള്ള പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ മേഖലയിലും നടക്കുന്നുണ്ട്.

† അനുബന്ധം I, I-എ, I-ബി ദയവായി കാണുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. സുഗതൻ: കേരളത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ചെറുകിട വ്യവസായ മേഖലയെക്കുറിച്ചാണ് പ്രധാനമായ ചോദ്യം. അത് അനുബന്ധമായിട്ട് പറഞ്ഞിട്ടുണ്ട്. മാർജിൻ മണി, കുറഞ്ഞ വിലയ്ക്ക് ഭൂമി ലഭ്യമാക്കുക, കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക, വ്യവസായ സബ്സിഡി, ഫാസ്റ്റ് ക്ളിയറൻസ്, സപ്പോർട്ട് സർവീസ് ഇതൊക്കെയാണ് പ്രധാനമായും വ്യവസായികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ. അതിന്റെ തരം അതാണ് എന്നു പറഞ്ഞാൽ കുറെ ഉണ്ട്. അത് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

ശ്രീ. വി. ജെ. പൗലോസ്: വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സഭയിൽ മന്ത്രി നൽകിയ മറുപടിയിൽ അനുബന്ധമായി ഏകജാലക സമ്പ്രദായം തൊട്ട് ധാരാളം സൗകര്യങ്ങൾ വ്യവസായങ്ങൾ വരുന്നതിന് സർക്കാർ കൊടുക്കുന്നതായി പ്രഖ്യാപിച്ചുവെങ്കിലും ഫലത്തിൽ അതിനുവേണ്ടി സംരംഭകരായി മുന്നോട്ടുവരുന്നവർക്ക് വിപരീതമായ അനുഭവമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന്, ചില ചെറുകിട വ്യവസായങ്ങൾക്ക് ആദ്യം ഒരു പ്രോജക്ട് സമർപ്പിക്കും. പ്രോജക്ട് സ്വീകരിച്ചതിനുശേഷം ലോൺ പാസ്സാക്കുകയും ചെയ്യും. ലോൺ അവൈൽ ചെയ്യാൻ പോകുമ്പോൾ പ്രോജക്ടിലെ ന്യൂനതകൾ പറയുകയും പല തടസ്സങ്ങൾ ഉണ്ടാക്കിക്കൊണ്ട് ലോൺ അവൈൽ ചെയ്യാൻ കാലതാമസം ഉണ്ടാക്കുകയും ലോൺ പാസ്സാക്കിയ കാലംതൊട്ട് ലോണിന് പലിശ വാങ്ങുക, മാർജിൻ മണി കൊടുക്കുന്നതിന് കാലതാമസം ഉണ്ടാക്കുക, മാർജിൻ മണിയും മറ്റും കൊടുത്തുകഴിഞ്ഞാൽ വർക്കിങ് ക്യാപ്പിറ്റൽ കൊടുക്കുന്നതിലുള്ള കാലതാമസം, ഈവക കാര്യങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് ഉല്പാദനം ആരംഭിക്കുന്നതിനുമുമ്പ് ജപ്തി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ഒരു മാറ്റമുണ്ടാക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വ്യവസായ സംരംഭകരെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള പ്രൊസീഡ്യുവറും കാലതാമസവും ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്, ഉണ്ടാക്കിയിട്ടുണ്ട് എന്നുള്ളത് ശരിയാണ്. ഇതൊക്കെ കാലാകാലങ്ങളിൽ എല്ലാ ഗവൺമെന്റിന്റെ കാലത്തും എടുത്തുപറഞ്ഞിട്ടുള്ള കോംപ്ലിക്കേഷൻസാണ്. യാതൊരു സംശയവുമില്ല. അത് എളുപ്പമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് വന്നിട്ടുള്ളതാണ് ഏകജാലക പദ്ധതി. പല ഡിപ്പാർട്ടുമെന്റുകളിലേയും ക്ളിയറൻസും മറ്റുമായി വരുമ്പോൾ പല തരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ട്. ഇല്ലെന്ന് പറയുന്നില്ല. അതിന് ഇപ്പോൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളെ പ്രൊഫഷണലൈസ് ചെയ്യാനും റിവാമ്പ് ചെയ്യാനും ഇത്തരത്തിലുള്ള നൂലാമാലകളിൽനിന്നും വ്യവസായങ്ങളെ പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങളെ രക്ഷിക്കാൻവേണ്ടിയുമാണ് ലാ റിഫോം കൊണ്ടുവരുന്നത്.

ആവശ്യമില്ലാത്ത പല നിയമങ്ങൾ കാലാകാലങ്ങളിൽ ഉണ്ടാക്കിവച്ചിട്ടുണ്ട്. ഓരോ നിയമവും ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ ചില്ലറയൊന്നുമല്ല. ഒരു തരം ലൈസൻസും റെയ്ഡ് പോലുള്ള ലാ എൻഫോഴ്സിംഗ് ഇടപാടും വ്യവസായികളെ കാലാകാലങ്ങളിൽ ബാധിച്ചിട്ടുണ്ട്. അത് കുറച്ചുകൊണ്ടുവരാൻവേണ്ടിയുള്ള ഒരുപാട് നടപടികൾ അടുത്തകാലത്ത് എടുത്തിട്ടുണ്ട്. ലാ റിഫോംസിൽതന്നെ അനവധി അനാവശ്യ നിയമങ്ങൾ ഒഴിവാക്കണമെന്നുപറഞ്ഞിട്ടുണ്ട്. അത് നിയമസഭയുടെ മുമ്പിൽ കൊണ്ടുവരും.

ശ്രീ.വി. ജെ. പൗലോസ്: പശ്ചിമബംഗാളിലും കേരളത്തിലും രാഷ്ട്രീയ അതിപ്രസരംകൊണ്ടും അനാവശ്യമായ ഹെലാവോ ഉൾപ്പെടെയുള്ള സമര മുറകൾകൊണ്ടും വ്യവസായ സംരംഭകരെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്ന സമരമുറകളുടെ ഫലമായി ഈ രണ്ടു സംസ്ഥാനങ്ങളിലേയും വ്യവസായങ്ങൾ കുറഞ്ഞുകുറഞ്ഞു വരുന്ന ഒരു സാഹചര്യം ഉണ്ടായതിനു പരിഹാരമെന്നുള്ള നിലയ്ക്ക് പശ്ചിമ ബംഗാളിൽ ഹെലാവോ നിരോധിക്കാനുള്ള നടപടികൾ സ്വീകരിച്ചതുപോലെ ഇവിടെ വ്യവസായ സമാധാനം ഉണ്ടാക്കുന്നതിന് ഹെലാവോ പിൻവലിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഹെലാവോ നിയമപരമായ മാർഗ്ഗമല്ല. അത് ലാ ആന്റ് ഓർഡർ അനുസരിച്ച് കേസ് എടുക്കാവുന്ന നിരോധിത സമരം തന്നെയാണ്. നിരോധിച്ചതുപോലെ തന്നെയാണ്. ഹെലാവോ പാടില്ല. വ്യവസായ സംരംഭകരെ സംബന്ധിച്ചിടത്തോളം കേരളത്തിനും പശ്ചിമ ബംഗാളിനും ഒരു പെർസെപ്ഷൻ ക്വസ്റ്റ്യൻ ഉണ്ടായിരുന്നു എന്നുള്ളത് പരമാർത്ഥമാണ്. അത് കുറഞ്ഞു കുറഞ്ഞു വരികയാണ്. അത് ഇല്ലാതാക്കാൻ കൂട്ടായ ശ്രമം കൊണ്ട് സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. കെ. ബാബു: സർ, വിപണിയിലെ മാന്ദ്യവും പ്രവർത്തന മൂലധനത്തിന്റെ അഭാവവും ഇറക്കുമതിമൂലവും കേരളത്തിലെ ചെറുകിട വ്യവസായങ്ങളും വൻകിട വ്യവസായങ്ങളും ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. ഈ പ്രതിസന്ധിയെ നേരിടാൻ ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; അതുപോലെ കേരളത്തിലെ പരമ്പരാഗത വ്യവസായമായ കയർ, കൈത്തറി, കശുവണ്ടി മേഖലയിലെ വ്യവസായങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കാനും ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പൊതുവിൽ കോമ്പറ്റീഷൻ വലിയൊരു പ്രശ്നമാണ്. അതിനു കാരണം ഇറക്കുമതിയും ഫ്രീ മാർക്കറ്റുമാണ്. ഫ്രീ മാർക്കറ്റിൽ കൺസ്യൂമർ ഉണ്ടാക്കുന്ന നല്ല സാധനം കുറഞ്ഞ വിലയ്ക്ക് കിട്ടും. കുറഞ്ഞ വിലയ്ക്ക് ലഭിക്കുക എന്നുള്ളത് ജനങ്ങളുടെ അവകാശമാണ് എന്നുള്ള സമീപനം വച്ചാണല്ലോ അത്തരത്തിലുള്ള കാര്യങ്ങൾ നടക്കുന്നത്. അത് വ്യവസായ ഉല്പാദകരെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്. എന്നുവച്ച് അത് പാടില്ലായെന്നു പറയാനും വയ്യ. കോമ്പറ്റീഷനിൽകൂടി പോകുക എന്നുള്ളതേ വഴിയുള്ളൂ. വിപണിയിൽ മത്സരിക്കണം. ചെറുകിട വ്യവസായങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

മാർക്കറ്റിംഗിനും മറ്റ് കാര്യങ്ങൾക്കും നമ്മൾ സപ്പോർട്ട് കൊടുക്കുന്നുണ്ട്. പക്ഷേ അതൊന്നും മതിയാകുന്നില്ല. അതാണ് വസ്തുത. പരമ്പരാഗത വ്യവസായങ്ങളേയും ബാധിച്ചിരിക്കുന്ന പ്രശ്നം അതാണ്. കശുവണ്ടിയുടെ കാര്യം പറഞ്ഞു. ലോക മാർക്കറ്റിൽ വന്നിരിക്കുന്ന വ്യത്യാസമാണ്. വിയറ്റ്നാം വൻതോതിൽ പ്രോസസ്സിംഗ് തുടങ്ങി. അപ്പോൾ നമ്മുടെ മൊണോപ്പൊളി പോയി. വലിയ ശതമാനം പ്രോസസ്സ് ചെയ്തുവരികയാണ്. അതുപോലെ കശുവണ്ടി പരിപ്പിന്റെ വില വളരെയധികം ഇടിഞ്ഞ ഒരു സ്ഥിതിവിശേഷം ആ മേഖലയെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിനൊന്നും ഒറ്റമൂലിയില്ല. ഇന്നത്തെ ലോക ഓർഡർ അതാണ്. അതുകൊണ്ടുതന്നെ മത്സരം നടക്കുമ്പോൾ കൂടുതൽ അദ്ധ്വാനിക്കുകയും എല്ലാപേരുംകൂടി വ്യവസായങ്ങളേയും ഉല്പാദകരേയും പ്രോത്സാഹിപ്പിക്കുന്ന നിലപാട് എടുക്കുകയുമാണ് വേണ്ടത്. പരമ്പരാഗത വ്യവസായ മേഖലകളെ സംബന്ധിച്ചിടത്തോളം ഇതാണ് ചെയ്യേണ്ടത്. പരമ്പരാഗത വ്യവസായ മേഖല യഥാർത്ഥത്തിൽ സമ്പുഷ്ടമാകണമെങ്കിൽ ഇവിടെ പറഞ്ഞതുപോലെ ക്വാളിറ്റി സാധനങ്ങൾ ഉണ്ടാക്കണം. നല്ല മാർക്കറ്റിംഗ് പിടിക്കണം. മാർക്കറ്റിൽ കൺസ്യൂമർക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭിക്കണം. എക്സ്പോർട്ട് നടക്കുന്നത് ആ അടിസ്ഥാനത്തിൽ തന്നെയാണ്. ഈ പ്രശ്നം കൂടുതൽ ഗൗരവത്തോടെ കാണേണ്ടതായിട്ടുണ്ട്. ലോകത്ത് ഏറ്റവും ഡിമാന്റുള്ള ഒരു വസ്തുവാണ് കൈത്തറി. കൈകൊണ്ട് ഉല്പാദിപ്പിക്കുന്നത്. കൈ കൊണ്ട് ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വളരെ നല്ലതും ക്വാളിറ്റിയുള്ളതുമാണെങ്കിലേ പറ്റുകയുള്ളൂ. നമ്മൾ ഉണ്ടാക്കുന്ന എന്തും എല്ലാപേരും വാങ്ങിക്കണമെന്നു പറഞ്ഞാൽ നടക്കുകയില്ല. അവിടെ ഡിസൈൻ, ക്വാളിറ്റി ഇതൊക്കെ പ്രശ്നങ്ങളാണ്. അതാണ് എളുപ്പം വ്യത്യാസം വരുത്താൻ സാധിക്കാത്തത്. അതുകൊണ്ട് വ്യവസായത്തിൽ ഇപ്പോൾ നമ്മൾ എടുത്തിരിക്കുന്ന പോളിസി ഇത്തരത്തിൽ പ്രോത്സാഹിപ്പിക്കാനുള്ളതാണ്. എല്ലാപേരും ഉല്പാദകരെ ബഹുമാനിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു നിലപാട് എടുത്താൽ തീർച്ചയായും ഈ രംഗത്ത് മുന്നോട്ടു വരാൻ കഴിയും.

ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇതിനു മുമ്പ് മന്ത്രിയായിരുന്നപ്പോഴാണ് കേരളത്തിൽ കിൻഫ്രാ പാർക്കുകൾ അനുവദിച്ചത്. ഈ കിൻഫ്രാ പാർക്കുകളിലെ വ്യവസായികളുടെ പ്രതികരണം എന്താണ്? അവിടെ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്? ആദ്യത്തെ കിൻഫ്രാ പാർക്ക് എന്റെ നിയോജക മണ്ഡലത്തിലെ കാക്കനാടാണ്. ആ കിൻഫ്രാ പാർക്കിൽ ഇനിയും കൂടുതൽ സ്ഥലമെടുത്ത് വികസിപ്പിക്കാനുള്ള പദ്ധതികൾ എവിടെവരെയായി? നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ വളരെ വിജയകരമായി നടത്തുന്ന ഫുഡ് പ്രോസസ്സിംഗ്, ബയോ ടെക്നോളജി മേഖലകളിലുള്ള വ്യവസായികളുടെ പ്രതികരണം എന്താണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കിൻഫ്ര എന്നുള്ള ആശയം 1992-ലെ വ്യവസായ പോളിസിയിൽ പ്രഖ്യാപിച്ചതാണ്. സംസ്ഥാനത്ത് ഗവൺമെന്റ് ഭൂമി ഏറ്റെടുത്ത് വ്യവസായികൾക്ക് എല്ലാ സൗകര്യത്തോടും കൂടി ലഭ്യമാക്കുക, എല്ലാ സർവ്വീസും അവിടെ പെട്ടെന്ന് ലഭ്യമാക്കുക എന്നുള്ള ആശയമാണ് അത് ഉണ്ടാക്കാൻ കാരണം. അത് ഒരു സക്സസ്സ് ആണ്. കാക്കനാട് തന്നെയാണ് അതിന് ഏറ്റവും വലിയ ഉദാഹരണം. കാക്കനാട് ഏരിയായിൽ ധാരാളം വ്യവസായങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ കൊല്ലത്തിൽ അവിടെ കിൻഫ്രയുടെ കൈവശമുള്ള സ്ഥലവും ഭൂമിയും ഏതാണ്ട് മുഴുവൻ തീർന്നുകഴിഞ്ഞു. ഇപ്പോഴത്തെ പ്രശ്നം, വ്യവസായികൾ വന്ന് ചോദിക്കുമ്പോൾ ഒരേക്കർ, രണ്ടേക്കർ അഞ്ചേക്കർ ഡെവലപ്പ്ഡ് ലാന്റ് കൊടുക്കാൻ ഇല്ല എന്നുള്ളതാണ്. അതുകൊണ്ട് വളരെ വേഗം അക്വിസിഷൻ നടപടികളുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. കിൻഫ്ര പാർക്കുകളിൽ ഫുഡ് പ്രോസസ്സിംഗ് വ്യവസായങ്ങൾ ഒരുപാട് വന്നുകൊണ്ടി രിക്കുകയാണ്. കൂടുതൽ കേന്ദ്ര സബ്സിഡിയും സ്റ്റേറ്റ് ആനുകൂല്യങ്ങളും ഒക്കെ ഉള്ളതുകൊണ്ട് പെട്ടെന്ന് വളർന്നുവരുന്ന ഒരു മേഖലയാണ് ഫുഡ് പ്രോസസ്സിംഗ്. പ്രോത്സാഹജനകമായ ഒരു കാര്യമായിട്ടാണ് ഫുഡ് പ്രോസസിംഗ് കേരളത്തിൽ ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ബയോ ടെക്നോളജിയിൽ ഇനിയും നമ്മൾ ഒരുപാട് ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. ഒന്നും കാര്യമായി മുന്നോട്ട് പോയിട്ടില്ല. കർണ്ണാടകയൊക്കെ വളരെ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു. ഐ.ടി. യെപ്പോലെ ഏറ്റവും വലിയ ഒരു മേഖലയാണ് ബയോടെക്നോളജി. അവിടെ കേരളം തീർച്ചയായും ഇനിയും ഒരുപാട് മുന്നോട്ട് പോകാനാണ് ഇരിക്കുന്നത്. അതിനുവേണ്ടിയാണ് ശ്രമിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ മത്സരത്തെക്കുറിച്ച് സൂചിപ്പിച്ചു. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ആളുകളുടെ അഞ്ചോ ആറോ ഇരട്ടി ആളുകൾ കേരളത്തിലെ ചെറുകിട വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ എത്തുന്ന വൻകിട ഉൽപ്പന്നങ്ങളുമായി ഒരു കടുത്ത മത്സരത്തിലാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഇല്ലായ്മയും ട്രാൻസ്പോർട്ടേഷൻ ചെലവും പരസ്യങ്ങളിലെ അഭാവവും ടെക്നോളജിയുടെ കുറവും എല്ലാം അതിന്റെ അപര്യാപ്തതകളാണ്. പക്ഷേ ഈ പൊതുമേഖലകളിലും മറ്റു മേഖലകളിലും ഗവൺമെന്റ് കൊടുക്കുന്ന thrust കഴിഞ്ഞ കാലഘട്ടത്തിലും കേരളത്തിലെ ചെറുകിട വ്യവസായ മേഖലകളിൽ കൊടുത്തിട്ടില്ല. വലിയ ഡിസ്പ്രാരിറ്റി കാണുന്നുണ്ട്. അത് പരിഹരിക്കാൻ കൂടുതൽ thrust ചെറുകിട മേഖലകളിൽ കൊടുത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : അങ്ങ് പറഞ്ഞത് ശരിയാണ്. ചെറുകിട വ്യവസായ മേഖലയെയാണ് ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്നത്. മാത്രമല്ല, ആ മേഖലയിലാണ് കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുന്നതുമൊക്കെ. ഈ ചെറുകിട വ്യവസായ മേഖലയ്ക്ക് അതിന്റേതായ പല weakness-ഉം ഉള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞ രൂപത്തിലുള്ള സപ്പോർട്ട് മുഴുവൻ നമ്മൾ കൊടുക്കുന്നത്. ടെക്നോളജി കൂടുതൽ

ലഭിക്കാനും അതേപോലെ ചെറിയ യൂണിറ്റ് എന്നുള്ള പ്രശ്നം പരിഹരിക്കാനുമായിട്ടാണ് പിന്നീടുവന്ന cluster ആയിട്ടുള്ള മേഖലകളിൽ ഒരേതരം വ്യവസായങ്ങൾ ഒരു സ്ഥലത്ത്, അതേപോലെ തന്നെ പാർക്കുകളിലൊക്കെയുള്ള incubator ഇതൊക്കെ അതിനുശേഷം വന്ന ചില ഐഡിയകളാണ്. പൊതുമേഖല പലപ്പോഴും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് പോലെ നടത്തിവന്നിട്ടുണ്ട്. എന്തു നഷ്ടം ഉണ്ടായാലും ഗവൺമെന്റ് പൈസ കൊടുക്കുന്നു. ചെറുകിട വ്യവസായ മേഖലകളിൽ thrust കൊടുത്തിട്ടില്ല; സാധിക്കുകയുമില്ല. പക്ഷേ ഇപ്പോൾ ഇതൊക്കെ മേക്കപ്പ് ചെയ്യാൻ വേണ്ടി ധാരാളം ശ്രമങ്ങൾ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : വ്യാവസായികമായി മുന്നോക്കം നിൽക്കുന്ന തമിഴ്നാട്, കർണ്ണാടക, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലെ ചെറുപ്പക്കാരിൽ നിന്ന് വ്യത്യസ്തമായി നമ്മുടെ ചെറുപ്പക്കാർ entrepreneurship ഇല്ലാത്തവരാണ് എന്നുള്ള ഒരു ആക്ഷേപം ഉണ്ടാകാറുണ്ട്. പലപ്പോഴും കെ.എഫ്. സി.-യും നാഷണലൈസ്ഡ് ബാങ്കുകളും പോലുള്ള വലിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലക്ഷക്കണക്കിന് രൂപ കടമെടുത്ത് സാമ്പത്തിക മാനേജുമെന്റിന്റെ അഭാവംകൊണ്ട് കടക്കെണിയിലാകുന്ന ചെറുപ്പക്കാരുടെ എണ്ണം കേരളത്തിൽ വർദ്ധിക്കുകയാണ്. സർക്കാർ മുൻകൈയെടുത്ത് സാമ്പത്തിക മാനേജുമെന്റു കളെക്കുറിച്ചും വിപണന തന്ത്രങ്ങളെക്കുറിച്ചും ഒക്കെ മാർക്കറ്റിംഗ് വിദഗ്ധൻമാരേയും വ്യവസായ രംഗത്ത് വിജയിച്ച ആളുകളേയുമൊക്കെക്കൊണ്ട് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ പരിശീലനം കൊടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: Entrepreneurship അതിന്റെ ഒരു ഭാഗം തന്നെയാണ്. ദേശസാൽകൃത ബാങ്കുകളും സ്ഥാപനങ്ങളും ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. പക്ഷേ എന്തു പറഞ്ഞാലും കേരളത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ രംഗത്തേയ്ക്ക് വരുകയും ഇവിടെ ഉറച്ചുനിൽക്കുകയും പിടിച്ചുനിൽക്കുകയും ചെയ്യുന്നവരുടെ പെർസന്റേജ് കുറവാണ്. മറ്റു സംസ്ഥാനങ്ങളിലൊക്കെയുള്ളവരാണ് കൂടുതലായി ഈ രംഗത്തു വന്ന് പിടിച്ചുനിൽക്കുന്നത്. അതിന് പല കാരണങ്ങളും ഉണ്ട്. എളുപ്പമാർഗ്ഗം നോക്കുന്ന പതിവ് നമുക്കുണ്ട്. പിടിച്ചുനിന്ന് വ്യവസായം പ്രൊഫഷണലായിട്ട് നടത്തി വിജയിപ്പിക്കുക എന്നുള്ളത് ഒരു കല തന്നെയാണ്. അതിനുവേണ്ടി ട്രെയിനിംഗ് കൊടുക്കാനുള്ള പല പദ്ധതികളും ഇപ്പോൾ ഉണ്ട്. Massive training programme എന്നുള്ള നിലയ്ക്ക് Information package ഉപയോഗിച്ചുകൊണ്ട് കൂടുതൽ ആളുകൾക്ക് ട്രെയിനിംഗ് കൊടുക്കാനുള്ള പരിപാടി ഇപ്പോൾ ആലോചിച്ചു വരുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ. ചെറുകിട വൻകിട വ്യവസായങ്ങൾക്ക് സഹായകമാകുന്ന വിധത്തിലാണ് വ്യവസായ വികസന കേന്ദ്രങ്ങൾ തുടങ്ങിയത്. രണ്ടു സ്ഥലങ്ങളിലും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് മാത്രമേ

പുതിയ വ്യവസായങ്ങളെ ആകർഷിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഈ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഇപ്പോൾ തീരെ ശ്രമിക്കാത്ത സ്ഥിതിക്ക് നമ്മൾ ആരംഭിച്ച വ്യവസായ വികസന കേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമായ പശ്ചാത്തലം ഏർപ്പാട് ചെയ്തു കൊടുക്കുന്നതിൽ വലിയ ദുരൂഹതയാണ് കാണിക്കുന്നത്. ഈ രണ്ടു മേഖലകളിലും പ്രത്യേകമായ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് ഇവിടത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വ്യവസായങ്ങൾ പിടിച്ചുനിർത്തുന്നതിനും സഹായകമായിട്ടുള്ള പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് രൂപം കൊടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : നമ്മുടെ വ്യവസായ നയത്തിൽ ഈ കാര്യങ്ങൾ വളരെ ക്ലിയറായി പ്രതിപാദിച്ചിട്ടുണ്ട്. വൻകിട വ്യവസായങ്ങൾക്കുവേണ്ടി trade zones കൊച്ചിയിൽ ഇപ്പോൾ നമ്മൾ ആലോചിച്ച് വികസിപ്പിച്ചുവരുന്നുണ്ട്. അതുപോലെ ചെറുകിട വ്യവസായങ്ങൾക്ക് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളൊക്കെയുണ്ട്. ഈ കൺസപ്റ്റാണ് ഉള്ളത്. ഇവിടെ അവർക്ക് വേഗം ഈ സ്ഥലം ലഭിക്കാനും അതിന്റെ കൈവശാവകാശം ലഭിക്കുവാനും അതിന്റെ പ്രൊസീഡ്യുവർ കുറയ്ക്കാനും അതുപോലെതന്നെ മുമ്പ് എടുത്തവർക്ക് കുടിശ്ശികകളെ സംബന്ധിച്ച് വന്നിരിക്കുന്ന ആനുകൂല്യങ്ങൾ ഇങ്ങനെയൊക്കെയുള്ള കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് ഈ അടുത്ത കാലത്ത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. വ്യവസായ അസോസിയേഷനുമായിട്ടൊക്കെ ആലോചിച്ചപ്പോൾ അവരൊക്കെ ഈ കാര്യത്തിൽ സംതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ട്. ഈ മേഖലയ്ക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റും ശ്രമിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, കേരളത്തിൽ ചെറുകിട വ്യവസായങ്ങളും മറ്റു വ്യവസായങ്ങളും നേരിടുന്ന ഏറ്റവും വലിയ പ്രതികൂലമായ സാഹചര്യം ഉൽപ്പന്നങ്ങളുടെ വിലയാണ്, പരിസരത്തുള്ള സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങളുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ഉൽപ്പന്നങ്ങളുടെ വില കൂടുകയാണ്. ഇതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം വ്യവസ്ഥാപിതമായ ആനുകൂല്യങ്ങൾ കേരളത്തിൽ തൊഴിലാളികൾക്ക് കൊടുക്കേണ്ടിവരുന്നു എന്നുള്ളതും പരിസരത്തുള്ള സംസ്ഥാനങ്ങളിൽ അടിമപ്പണി ഇന്നും നിലനിൽക്കുന്നു എന്നുള്ളതുമാണ്. ഈ സാഹചര്യത്തിൽ ഒരു റീജിയണൽ മിനിമം വേജസ് തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലെങ്കിലും എൻഫോഴ്സ് ചെയ്യുന്നതിനുവേണ്ടി കേരള സർക്കാർ നടപടി സ്വീകരിക്കുമോ; അതിനുവേണ്ടി താൽപ്പര്യമെടുക്കുമോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, മറ്റു സംസ്ഥാനങ്ങളിലൊക്കെ അടിമപ്പണി നടക്കുന്നു എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ വേജസിൽ വ്യത്യാസമുണ്ട്, അതുപോലെ മറ്റു പല കാര്യങ്ങളിലും വ്യത്യാസമുണ്ട്. കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കൂടുതലാണ്. കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കുറയ്ക്കുന്നതിന്റെ ഒരു പ്രധാന ഘടകം എന്നുപറയുന്നത് റീജിയണൽ മിനിമം വേജസ് എന്നുള്ള ആശയമാണ്. അതൊക്കെ നമുക്ക് മാത്രമായി തീരുമാനിക്കാൻ കഴിയാത്ത കാര്യമാണ്. പക്ഷെ അത് എന്നും ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ, വൻകിട, ചെറുകിട, ഇടത്തരം വ്യവസായങ്ങളെ കുറിച്ച് പറയുമ്പോൾ അങ്ങ് ഇവിടെ പ്രോൽസാഹന പദ്ധതികൾ ഐ.ടി. ഉൾപ്പെടെ, ടെക്നോപാർക്ക് തുടങ്ങി പല മേഖലകളെ കുറിച്ചും പറഞ്ഞു. കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതകളുള്ള നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖല എന്നുപറയുന്നത് പരമ്പരാഗത വ്യവസായങ്ങളാണ്. ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നതും ആ മേഖലയിലാണ്. ആ വ്യവസായ മേഖലയെ സഹായിക്കാതെ, സംരക്ഷിക്കാതെ കേരളത്തിലെ വ്യവസായ കാര്യത്തിൽ എങ്ങനെയാണ് മുന്നോട്ടുപോകാൻ കഴിയുക. അതുകൊണ്ട് ഗവൺമെന്റ് പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനും, അതിന്റെ നിലനിൽപ്പിനും ആവശ്യമായ എന്തെങ്കിലും പുതിയ സഹായ പദ്ധതികൾ ആലോചിച്ചിട്ടുണ്ടോ, അല്ലെങ്കിൽ നിലവിലുള്ള പദ്ധതികൾ തുടർന്നുകൊണ്ടു പോകാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുക എന്നുള്ളത് നമ്മുടെ മുദ്രാവാക്യത്തിൽ മാത്രം ഒതുങ്ങിയാൽ പോരാ. മാറി മാറി വന്ന ഗവൺമെന്റുകളൊക്കെ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് അൽഭുതകരമായി എന്തു സഹായമാണ് ചെയ്തത്? ഒരു കാലത്തും ചെയ്തിട്ടില്ല. നമുക്ക് ചെയ്യുക എന്നുള്ള് അത് ഫേസ് ചെയ്യുന്ന പ്രോബ്ളം എന്താണെന്ന് നോക്കി വളരെ പ്രൊഫഷണലായി അതിനെ സപ്പോർട്ട് ചെയ്ത് അതിന് മാർക്കറ്റ് ഒക്കെ കണ്ടുപിടിച്ച് ഉൽപ്പന്നങ്ങൾ വൈവിദ്ധ്യമാർന്നത് ഉണ്ടാക്കി വിതരണം ചെയ്ത് കേരളം പരമ്പരാഗത വ്യവസായ മേഖലയിൽ വമ്പിച്ച പ്രൊഡക്ഷനും മാർക്കറ്റും ഒക്കെ ചെയ്യുന്ന ഒരു സ്റ്റേറ്റ് എന്നുള്ള ആ കൺസപ്ട് നേടാൻ ഇതുവരെ നമുക്ക് സാധിച്ചിട്ടില്ല. പറഞ്ഞുവരുന്ന സഹായം എന്താണെന്നുവച്ചാൽ റിബേറ്റ്, എത്രയോ ഉദാഹരണമെടുക്കാം, എന്താ റിബേറ്റിൽ മാറി മാറി വന്ന ഗവൺമെന്റുകളുടെ കാലത്ത്, ഞാൻ ഒരു ഗവൺമെന്റിനെയും കുറ്റം പറയുന്നില്ല, ഒരു മുദ്രാവാക്യം എന്നുള്ളതിൽ കവിഞ്ഞ് എന്ത് അൽഭുതമാണ് ചെയ്തിട്ടുള്ളത്. ഒരു 5 കോടി, 10 കോടിയുടെ ഏറ്റക്കുറച്ചിലിനെ സംബന്ധിച്ച് ഇവിടെ വലിയ തർക്കം നടന്നു, ഇതല്ലേയുള്ളൂ. ഞങ്ങളുടെ കാലത്ത് ഇത്ര കുടിശ്ശികയുണ്ടായി, ഞങ്ങളുടെ കാലത്ത് ഇത്ര കുടിശ്ശിക ഇല്ല, ഇത് വെറും ഒരു മുദ്രാവാക്യത്തിൽ ഒതുങ്ങാതെ നമ്മുടെ പാരമ്പരാഗത വ്യവസായ മേഖലയെ യഥാർത്ഥത്തിൽ ശക്തമാക്കുന്ന വിഷയത്തെക്കുറിച്ച് നമ്മൾ ചർച്ചചെയ്യണം. ഗവൺമെന്റ് ഈയടുത്ത കാലത്ത് ബഡ്ജറ്റിൽ കുറച്ച് പണം വച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഒരു കൊല്ലം 50 കോടി ഉറുപ്പിക പരമ്പരാഗത വ്യവസായ മേഖലയ്ക്ക് പ്രത്യേകമായി കൂടുതലായി തരാമെന്നാണ് ധനകാര്യ വകുപ്പ് പറഞ്ഞിരുന്നത്. കൈത്തറിയിൽ 50 കോടിരൂപയുടെ റിബേറ്റ് വിതരണം ചെയ്താലും വലിയ അൽഭുതമൊന്നും ഇവിടെ ഉണ്ടാകില്ല. കുറെ സൊസൈറ്റീസും ഒക്കെയുണ്ട്. അതുപോലെ കൂടുതൽ ബോഗസ് സൊസൈറ്റീസ് ഉണ്ടാകും, അവർ വാങ്ങിക്കൊണ്ടു പോകും. ഇതല്ലാതെ ഒന്നും നടക്കില്ല. അതുകൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് യഥാർത്ഥത്തിൽ പരമ്പരാഗത വ്യവസായ മേഖലയെ ഉദാഹരണമായി കൈത്തറി മേഖലയെ ശക്തിപ്പെടുത്താൻ വേണ്ടി എന്തുചെയ്യണം എന്നുള്ളതിനെ

സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കുകയാണ്. അടുത്തകാലത്തു നടന്ന ഒരു ചർച്ചയിൽ കണ്ടെത്തിയ ഒരു വിഷയം എന്നുപറയുന്നത്, ഇവിടെ മുഴുവൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസാണ്. കോ-ഓപ്പറേറ്റീവ് സൊസൈറ്റിയോട് എതിര് പറയുകയല്ല. പക്ഷെ ഈ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് പലപ്പോഴും ഒരു Nobody's baby യാണ്. അത് മാറിമാറി, അവിടെ രാഷ്ട്രീയം വരും, പിന്നെ സൊസൈറ്റി അങ്ങോട്ടു പിടിക്കും, ഇങ്ങോട്ടു പിടിക്കും, അല്ലെങ്കിൽ ആളുകൾ മാറിമാറി വരും, അവനവന്റെ യൂണിറ്റ് പോലും ആരും നോക്കില്ല. അപ്പോൾ സൊസൈറ്റികളിലുള്ള ഒരു വീക്നസ്സ് അതാണ്. അതുകൊണ്ട് സെൽഫ് എംപ്ലോയ്മെന്റ് ആയി ആരെങ്കിലുമൊക്കെ പരമ്പരാഗത വ്യവസായ മേഖലയിൽ സ്വയം മുന്നോട്ടുവന്ന് ചെറിയ യൂണിറ്റ് തുടങ്ങുന്നു, ആ രീതിയിലൊക്കെയാണ് ഇത് വിജയിച്ച പല സ്ഥലങ്ങളിലും ഉള്ളത്. നമ്മൾ അത് ഇതുവരെ പ്രോൽസാഹിപ്പിച്ചിട്ടില്ല. സെൽഫ് എംപ്ലോയ്മെന്റ് തലത്തിൽ ഒരു entrepreneurship പ്രോൽസാഹിപ്പിച്ച് അവർക്ക് ടെക്നോളജി കൊടുത്ത് നല്ല ഡിസൈൻ സാധനങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കണം. പരമ്പരാഗത വ്യവസായ മേഖല ശക്തിപ്പെടുത്താൻ വേണ്ടി അടിസ്ഥാനപരമായ പ്രശ്നങ്ങളെ കുറിച്ചുള്ള കാര്യമാണ് ഞാൻ പറയുന്നത്. ഇതാണ് പ്രശ്നം, നമ്മൾ അപ്പോഴേക്കും അതിൽ രാഷ്ട്രീയം കാണും. സഹകരണ പ്രസ്ഥാനം വളരെ നല്ലതാണ്, പക്ഷെ സഹകരണ പ്രസ്ഥാനം ഇവിടെ കൈത്തറി മേഖലയിൽ നടത്തിയിരിക്കുന്ന അനഭിലഷണീയമായ വിഷയങ്ങളെ കുറച്ചുകാണാൻ കഴിയില്ല. അത് പരമ്പരാഗത വ്യവസായ മേഖലയെ സ്ഥിരമായി ബാധിച്ചിട്ടുണ്ട്. ഓവർ പൊളിറ്റിക്സും ബോഗസ് സൊസൈറ്റികളും ഇതൊക്കെ കുറച്ചുകാണാൻ പറ്റുമോ? അതുകൊണ്ട് അടിസ്ഥാനപരമായി പരമ്പരാഗത വ്യവസായ മേഖലയെ എങ്ങനെ ശക്തിപ്പെടുത്താം എന്നുള്ളത് വളരെ ഗൗരവമായി ഗവൺമെന്റ് ആലോചിക്കുകയാണ്. ആ തരത്തിലുള്ള നടപടികൾ ഈ ഒരുവർഷം വളരെ കൂടുതൽ ഉണ്ടാകും എന്ന് ഞാൻ ഇവിടെ പറയുന്നു.

<u>ശ്രീ. ബിനോയ് വിശ്വം:</u> സർ, ചെറുകിട വ്യവസായ മേഖലയെ പറ്റിയുള്ള ഒരുപാട് നല്ല നല്ല വാഗ്ദാനങ്ങൾ നമ്മൾ എപ്പോഴും കേൾക്കാറുണ്ട്, ഇപ്പോഴും കേൾക്കുന്നുണ്ട്. എന്റെ കയ്യിൽ ഇപ്പോൾ യാദൃശ്ചികമായിട്ടിരിക്കുന്നത് യു.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയാണ്. ഇതിനകത്തുമുണ്ട് ഒരുപാട് നല്ല വാഗ്ദാനങ്ങൾ. പക്ഷേ പ്രശ്നം എന്താന്നുവച്ചാൽ ഈ സഹായങ്ങൾ ഒന്നും നടക്കുന്നില്ല. വൈവിദ്ധ്യവൽക്കരിക്കണം, നല്ല മാർക്കറ്റ് വേണം, ഗംഭീരമാക്കണം എന്നൊക്കെ മന്ത്രി ഇപ്പോൾ പറഞ്ഞു. തടസ്സം ആരാണ്, തൊഴിലാളികളോ, നിക്ഷേപകരോ ഒന്നുമല്ല. ഗവൺമെന്റിന് സ്കീമുണ്ടോ, ലോകത്ത് എല്ലാ സ്ഥലങ്ങളിലും അതാതു ഗവൺമെന്റുകൾ ഈയിടെ അമേരിക്കൻ ഗവൺമെന്റ് പ്രൊട്ടക്ടീവ് മെഷേഴ്സിൽ കൂടി സ്വന്തം മാർക്കറ്റ് കണ്ടെത്താൻ ശ്രമിക്കുമ്പോഴത്തേയ്ക്കും, സംരക്ഷിക്കാൻ ശ്രമിക്കുമ്പോഴത്തേയ്ക്കും ഇവിടെ നമ്മൾ നമ്മുടെ മാർക്കറ്റ് പ്രൊട്ടക്ട് ചെയ്യാൻ ഒന്നും ചെയ്യുന്നില്ല. അതുകൊണ്ട് ചെറുകിട വ്യവസായികളെ സംരക്ഷിക്കാൻ വേണ്ടി പ്രൊട്ടക്ടീവ് ആംഗിളുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഒരുക്കമാകുമോ എന്നാണ് അറിയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അമേരിക്കൻ ഗവൺമെന്റിന് അവരുടെ കൃഷിയോ, പരമ്പരാഗത വ്യവസായങ്ങളോ എങ്ങനെ വേണമെങ്കിലും പ്രൊട്ടക്ട് ചെയ്യാം. കാരണം അവരുടെ എക്സ്ചെക്കർ, അവരുടെ ഖജനാവ് പണം നിറഞ്ഞിരിക്കുന്ന ഖജനാവാണ്. നമ്മുടെ പ്രോബ്ളം എന്നുപറയുന്നത് എല്ലാവർക്കും പ്രൊട്ടക്ഷൻ കൊടുക്കാൻ നമ്മുടെ ഖജനാവിൽ പണം ഉണ്ടോ? അതാണ് ഇപ്പോൾ നമ്മളെ ബാധിച്ചിരിക്കുന്നത്. പ്രൈമറി സെക്ടറിന് കുറച്ച് പ്രൊട്ടക്ഷൻ കൊടുക്കണം എന്നുള്ള വിഷയത്തിൽ താത്വികമായി എനിക്ക് അഭിപ്രായവ്യത്യാസമില്ല. അത് ന്യായമാണ്. സോഷ്യൽ ആംഗിളിന് കൊടുക്കാം. പക്ഷെ മാസ്സീവ് പ്രൊട്ടക്ഷൻ കൊടുക്കാൻ എവിടെയാ കാശ്. അപ്പോൾ മാനിഫെസ്റ്റോയിൽ പറഞ്ഞതുപോലെ ഇല്ലാത്ത കാശിനെപ്പറ്റി വല്ലാത്ത മോഹങ്ങൾ കൊടുത്തിട്ട് വല്ല കാര്യവുമുണ്ടോ? അതുകൊണ്ട് സീരിയസ്സായി നമുക്ക് ആലോചിക്കേണ്ട വിഷയം എന്നുപറയുന്നത് മാനിഫെസ്റ്റോയിൽ സകല മോഹങ്ങളും എഴുതിവയ്ക്കുന്ന പതിവ് ഒന്ന് അവസാനിപ്പിക്കാൻ നമുക്ക് വേണമെങ്കിൽ ചർച്ച നടത്താം.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി അങ്ങ് ക്ലസ്റ്റർ രൂപത്തിലുള്ള പുതിയ മാതൃക സ്വീകരിക്കുമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തൃശൂർ ജില്ലയിലെ വൈരക്കൽ പോളിഷിംഗിന്റെ സാദ്ധ്യത അങ്ങ് നേരിട്ട് വിലയിരുത്തിയിട്ടുണ്ടോ? അതുമായി ബന്ധപ്പെട്ടുള്ള വ്യവസായങ്ങൾ ഇതേ രൂപത്തിൽ വളർത്തിയെടുക്കാനുള്ള എന്തെങ്കിലും നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തീർച്ചയായും നമുക്ക് കരവിരുതുള്ള ചില മേഖലകളുണ്ട്. കശുവണ്ടി അത്തരത്തിൽ ഒന്നാണ്.. കൊല്ലത്ത് അതിന്റെ വൈദഗ്ദ്ധ്യം ഉണ്ട്. കൊല്ലത്തും പരിസരത്തും ബാക്കി സ്ഥലത്തുമൊക്കെ കശുവണ്ടി വ്യവസായം കാലാകാലങ്ങളായി ഉണ്ട്. വൈരക്കൽ പോളിഷിംഗ് ബഹുമാനപ്പെട്ട മെമ്പറുടെ കോൺസ്റ്റിറ്റുവൻസിയിൽ ഒരു പ്രത്യേക സ്ഥലത്തെ ആളുകൾക്ക് വലിയ കരവിരുതുള്ള മേഖലയായിരുന്നു. അവിടെ ഗുജറാത്തിൽനിന്നും ബോംബെയിൽ നിന്നുമൊക്കെ ആളുകൾ വന്ന് ജോലി ചെയ്തിരുന്ന ഒരു വലിയ കേന്ദ്രമായിരുന്നു. അനവധി ആളുകൾക്ക് തൊഴിൽ കൊടുത്തിരുന്നു. കാലാകാലങ്ങളിൽ ഉണ്ടായ പ്രശ്നങ്ങൾ കാരണം, അതിനകത്ത് തൊഴിൽപരമായ പ്രശ്നങ്ങളും ഉണ്ട്. അല്ലാത്ത പ്രശ്നങ്ങളും ഉണ്ട്. കോംപറ്റീഷന്റെ പ്രശ്നങ്ങളുമുണ്ട്. ഞാൻ തന്നെ ബഹുമാനപ്പെട്ട മെമ്പറുടെ നിർബന്ധപ്രകാരം അവിടെ പോയി വൈരക്കൽ പോളിഷിംഗ് നടത്തുന്ന മുഴുവൻ ആളുകളുടെയും ഒരു യോഗം വിളിച്ചുകൂട്ടി. അവരൊക്കെ പറഞ്ഞത് ഒരു തൊഴിൽ പ്രശ്നമോ, മറ്റു കാര്യങ്ങളോ ഇപ്പോൾ ഇവിടെ ഇല്ല, വ്യവസായം തിരിച്ചുകൊണ്ടുവരാൻ വേണ്ട നടപടി എടുക്കണം എന്നാണ്. അതനുസരിച്ച് ചില ശ്രമങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്, വൈരക്കൽ പോളിഷിംഗിൽ വൈദഗ്ദ്ധ്യമുള്ള ആ മേഖലയിൽ ആ വ്യവസായം തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തുന്നുണ്ട്, അത് ഊർജ്ജിതമായി മുന്നോട്ടു കൊണ്ടുപോകും.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഇവിടെ വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായിട്ട്, വ്യവസായ സ്ഥാപനങ്ങളെ വാണിജ്യപരമായി മൽസരിക്കാൻ പര്യാപ്തമാക്കുന്നതിനുവേണ്ടി ആർ. സി. ചൗധരി അദ്ധ്യക്ഷനായ Enterprises Reforms Committee സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടനുസരിച്ച് എത്ര പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്; ഏതൊക്കെ പദ്ധതികൾക്കാണ് സർക്കാർ അംഗീകാരം നൽകാതിരുന്നത്; അങ്ങനെ അംഗീകാരം നൽകാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പൊതുമേഖലയിൽ ഏറ്റവുമധികം നഷ്ടം വരുത്തുകയും പെട്ടെന്ന് പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ പ്രശ്നം വരികയും ചെയ്യുമെന്ന് തോന്നിയ 12 കമ്പനികളെയാണ് ഇ.ആർ.സി. ആദ്യമായി പഠനം നടത്തിയത്. അതിന്റെ റെക്കമെന്റേഷൻ ഗവൺമെന്റിൽ വന്നു. അത് ക്യാബിനറ്റ് ചർച്ച ചെയ്തു. ഇ.ആർ.സി.യുടെ റെക്കമെന്റേഷൻ 100 ശതമാനവും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. നമ്മൾ നിയമസഭയിലൊക്കെ പറഞ്ഞ പോളിസിയുടെ അടിസ്ഥാനത്തിൽ അതിന് വിധേയമായി പല വ്യവസായങ്ങളിലും ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്. ഉദാഹരണമായി ടെൽക്കിന്റെ കാര്യം. ഫൈനലായിട്ട് ഈ കമ്പനി നിലനിൽക്കണമെന്നുണ്ടെങ്കിലും ജോയിന്റ് സെക്ടറിലാക്കുകയാണെങ്കിൽ ഇതിന് വമ്പിച്ച സാദ്ധ്യതയുണ്ടെന്ന് അവർ പറഞ്ഞിരിക്കുന്നു. നമ്മൾ അത് സ്വീകരിച്ചിട്ടില്ല. അതേയവസരത്തിൽ യാതൊരു രക്ഷയുമില്ലാത്ത കമ്പനികളെ സംബന്ധിച്ചിടത്തോളം, ഒന്നുകിൽ അടയ്ക്കുക, അല്ലെങ്കിൽ റീ സ്ട്രക്ചർ ചെയ്യുക എന്ന സ്ഥിതിയിലുള്ള കമ്പനികളെ സംബന്ധിച്ചിടത്തോളം അതിന് പാർട്ണേഴ്സിനെ കിട്ടാൻവേണ്ടി അഡ്വർട്ടൈസ് ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള കമ്പനികളിൽ അതിന്റെ സ്വഭാവമനുസരിച്ചാണ് ഗവൺമെന്റ് തീരുമാനം എടുക്കുന്നത്. ഇ.ആർ.സി. റെക്കമെന്റേഷൻ ആദ്യം വന്നത് 12 കമ്പനികളിലാണ്. അനദർ സെറ്റ് ഇപ്പോൾ വരുന്നതേയുള്ളൂ.

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങ് പറഞ്ഞതുപോലെ ചെറുകിട വ്യവസായങ്ങളേയും ഇടത്തരം വ്യവസായങ്ങളേയും പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ട് മാനിഫെസ്റ്റോയിൽ ഇല്ലാത്ത. ഫണ്ടും വല്ലാത്ത മോഹവും തന്നെയാണ്. ഈ മാനിഫെസ്റ്റോയിൽ ഇല്ലാത്ത ഫണ്ടും വല്ലാത്ത മോഹവും വച്ചിട്ടാണ് 30-ാമത്തെ പേജിൽ ഒരു കാര്യം പറഞ്ഞത്, അങ്ങയെ ഓർമ്മപ്പെടുത്താൻ എന്നെ അനുവദിച്ചാൽ, ചെറുകിട വ്യവസായങ്ങൾക്ക് സാങ്കേതിക വിദ്യ, വായ്പ തുടങ്ങിയവ ലഭ്യമാകുന്നതിനുള്ള ഇൻഫർമേഷൻ ബാങ്ക് ആരംഭിക്കും. അതാണ് അങ്ങയുടെ മുന്നണി കേരളത്തിലെ വ്യവസായങ്ങളോട് പറഞ്ഞിട്ടുള്ള ഒരു കാര്യം. ഇ.ആർ.സി. കമ്മിറ്റിയുടെ ശുപാർശ, ചൗധരി കമ്മിറ്റിയുടെ ശുപാർശ ഇതിനുവേണ്ടി പ്രവർത്തിക്കേണ്ടതില്ല എന്നാണ്. K F C, K S I D C, SIDCO, Kinfra, K S I E, K S F E ഇങ്ങനെയുള്ള ഏജൻസികൾ വ്യവസായ മേഖലയുടെ പ്രോൽസാഹനത്തിനുവേണ്ടി പശ്ചാത്തലം ഒരുക്കുന്ന ഏജൻസികൾ പ്രവർത്തിക്കേണ്ടതില്ല, അത് പൊതുമേഖലയിൽ പ്രവർത്തിക്കേണ്ടതില്ല എന്ന് പറഞ്ഞാൽ, സാമ്പത്തിക മേഖലയിൽ സ്വകാര്യ വൽക്കരണം എന്നുള്ളതാണ്. പിന്നെ എങ്ങനെയാണ് ഈ ഏജൻസികൾക്ക്,

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷൻ ബാങ്കുകൾ ഉണ്ടാക്കിക്കൊണ്ട്, പൊതുമേഖലയിലേയോ സ്വകാര്യ മേഖലയിലേയോ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് പ്രോൽസാഹനം നൽകാൻ കഴിയുക? അതുകൊണ്ട് ഇ.ആർ.സി. കമ്മിറ്റിയുടെ ശുപാർശ എങ്കിലും തള്ളിക്കളയാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതൊക്കെ പ്രൊഫഷണൽ ഏജൻസികൾ ചൂണ്ടിക്കാണിക്കുന്ന ചില വിഷയങ്ങളാണ്. അതിനെ ആ സ്പിരിറ്റിൽ കണ്ടാൽ മതി. നമ്മൾ തീരുമാനം എടുക്കുന്നത് നമ്മുടെ കപ്പാളിറ്റിക്കനുസരിച്ചാണല്ലോ. നിയമസഭയിലൊക്കെ ചർച്ച ചെയ്താണല്ലോ നമ്മൾ തീരുമാനം എടുക്കുന്നത്. ഉദാഹരണമായി കെ.എസ്.ഐ.ഡി.സി.ക്ക് ഗവൺമെന്റ് കൊടുക്കുന്ന ഫണ്ട്, ആ ഫണ്ടിന്റെ മാച്ചിംഗിന് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിൽ നിന്നൊക്കെ കിട്ടുന്ന കാശ്, അതിലൊതുങ്ങും അവരുടെ ഓപ്പറേഷൻ. എന്നാൽ കേരളത്തിൽ ഒരുപാട് വ്യവസായങ്ങൾ വരികയും അതുപോലെതന്നെ അവരുടെ ഓപ്പറേഷൻ ഏരിയ വർദ്ധിപ്പിക്കാനൊക്കെയുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഫിനാൻഷ്യൽ ഏജൻസിയെ നിർത്തുന്നതിനുപകരം, ഇന്ന ഇന്ന സ്കോപ്പുകളുണ്ട് വേണമെങ്കിൽ ഇത് ജോയിന്റ് സെക്ടറിലാക്കിയാൽ ധാരാളം അസിസ്റ്റൻസ് കിട്ടാനുള്ള സാദ്ധ്യത ഇപ്പോൾ വേൾഡ് വൈഡായിട്ടുണ്ട് എന്നുള്ളതൊക്കെ ഓരോ വിദഗ്ദ്ധരുടെ അഭിപ്രായമാണ്. ഇ.ആർ.സി.യും അത്തരത്തിലുള്ള അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടാകും. എന്ന് വിചാരിച്ച്, ഗവൺമെന്റ് അത് സംബന്ധിച്ചുള്ള തീരുമാനങ്ങൾ എടുക്കുന്നത് വേറെ വിഷയമാണ്. അതുപോലെ ഇൻഫർമേഷൻ ബാങ്ക് എന്ന് പറഞ്ഞാൽ അതിനൊരു ബാങ്ക് തുടങ്ങുക എന്നല്ല. അതൊക്കെ അതാതുകാലത്തെ പ്രോജക്ടുകളെ സംബന്ധിച്ചുള്ള, ഏരിയാസ് വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് വൈമുഖ്യം കാണിക്കുന്നില്ല. ഇല്ലാത്ത മോഹവും വല്ലാത്ത ഓഫറുകളും മാനിഫെസ്റ്റോകളുടെ പൊതുസ്വഭാവമാണ്. അത് നമുക്ക് ചർച്ച ചെയ്യാമെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ചെറിയ മുതൽമുടക്കിൽ കൂടുതൽ ആളുകൾക്ക് ജോലി ലഭിക്കാൻ സാദ്ധ്യതയുള്ള മേഖലയാണ് ഖാദി ഗ്രാമ വ്യവസായ സംരംഭങ്ങൾ. പലിശ കുറവായതുകൊണ്ടും കുറഞ്ഞ സൗകര്യം മതി എന്നതുകൊണ്ടും ഓരോ വീടിനോടനുബന്ധിച്ചും ഗ്രാമ വ്യവസായങ്ങൾ ഉണ്ടാക്കാം എന്നുള്ളതാണ്. ധാരാളം പേർ ഇതിലേക്ക് മുന്നോട്ട് വരുന്നുണ്ട്. ഇപ്പോൾ പ്രയാസമെന്താണെന്നുവച്ചാൽ, District Advisory Board-കൾ ശുപാർശ ചെയ്ത് ഖാദി ബോർഡിലേക്കയച്ച പ്രൊപ്പോസലുകൾപോലും പണമില്ലാത്തതിന്റെ ഫലമായി മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി വളരെ പ്രയോരിറ്റി കൊടുക്കേണ്ട ഒരു മേഖലയാണിത്. കാരണം പഞ്ചാബ് പോലെയുള്ള മേഖലകളിലെ വ്യാവസായിക വികസനമെടുത്ത് പരിശോധിച്ചാൽ ഓരോ വീടിനേയും വ്യവസായമാക്കി മാറ്റിയ കൺസെപ്റ്റാണ്. അതുതന്നെയാണ് ഖാദി ബോർഡിന്റേതും. അതുകൊണ്ട് ഡി.ഐ.സി. ഫോർവേർഡ് ചെയ്ത അപേക്ഷകൾക്ക് അടിയന്തിരമായി തീർപ്പുകൽപിച്ച് ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് കൂടുതൽ പ്രോൽസാഹനം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ മേഖല വളരെയധികം പ്രാധാന്യം അർഹിക്കുന്നു. ധാരാളം സ്കോപ്പുള്ളതാണ്. മറ്റു സംസ്ഥാനങ്ങളിലൊക്കെ നന്നായി പ്രവർത്തിക്കുന്നു എന്ന് പറഞ്ഞത് ശരിയാണ്. അതിന്റെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും തകരാറുകളുണ്ടെങ്കിൽ, ഇപ്പോൾ ഇത് കൈകാര്യം ചെയ്യുന്നത് ശ്രീ. സി. എഫ്. തോമസാണ്. തീർച്ചയായും കാലതാമസം സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ചോദ്യം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

ശ്രീ. പി. ജെ. ജോയി: സർ, ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കാൻ, പലപ്പോഴും അവർ നേരിടുന്ന പ്രശ്നം വിപണനമില്ല എന്നുള്ളതാണ്. വിപണനത്തിന്റെ ഭാഗമായി സർക്കാർ തലത്തിൽ ആവശ്യമുള്ള സാധനങ്ങൾ വാങ്ങുമ്പോഴെങ്കിലും ഇത്തരം സംരംഭകരിൽനിന്നും വാങ്ങാൻ, പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്, ചെറുകിട വ്യവസായ സംരംഭകർ, ഖാദി ബോർഡ് പോലുള്ള സംരംഭകരിൽനിന്ന് വാങ്ങാൻ ഗവൺമെന്റ് നിഷ്ക്കർഷിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇപ്പോൾ അതിനുള്ള നയം നമുക്കുണ്ട്. പ്രൈസ് പ്രിഫറൻസും ബാക്കിയുള്ളതുമൊക്കെ ഈ അടിസ്ഥാനത്തിലുള്ളതാണ്. അത് നിഷ്ക്കർഷിക്കുന്ന ചില മേഖലകളുണ്ട്. തീർച്ചയായും ഉള്ള നിയമം അനുസരിച്ച് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതിന് ഗവൺമെന്റ് ഊന്നൽ കൊടുക്കും.

ശ്രീ. പി. ജയരാജൻ: സർ, യു.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയിൽ യാഥാർത്ഥ്യവുമായി ബന്ധപ്പെടാത്ത പല സ്വപ്നങ്ങളും ഉണ്ടായതായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തേക്ക് വ്യവസായികളെ ആകർഷിക്കുന്നതിന് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് വേണ്ടിയിട്ടാണ് വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ ആരംഭിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കണ്ണൂർ ജില്ലയിലെ വലിയവെളിച്ചത്തെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ റബ്കോ വ്യവസായ സംരംഭം ആരംഭിച്ചു. സൈക്കിൾ ടയർ യൂണിറ്റ്, ചപ്പൽ യൂണിറ്റ് എല്ലാംതന്നെ അവിടെ ആരംഭിച്ചു. ആയിരത്തിലധികം തൊഴിലാളികൾ അവിടെ പണിയെടുക്കുന്നുണ്ട്. ആ വ്യവസായ വളർച്ചാ കേന്ദ്രത്തിന് ആവശ്യമായിട്ടുള്ള റോഡ്, വൈദ്യുതി, വെള്ളം ഇവയ്ക്ക് ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ല. അവർക്കാവശ്യമായിട്ടുള്ള ഒരു നയാപൈസപോലും കഴിഞ്ഞ ബഡ്ജറ്റിൽ വച്ചിട്ടില്ല. ഈ ബഡ്ജറ്റിലും ഒരു നയാപൈസ പോലും വച്ചിട്ടില്ല എന്നുള്ള കാര്യം പരിഗണിച്ചുകൊണ്ട് ആ വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി ഗവൺമെന്റ് എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എൽ.ഡി.എഫ്. അതിന്റെ എല്ലാ മാനിഫെസ്റ്റോയും അതാത് കാലത്ത് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ക്ലെയിം ചെയ്യുമെന്ന് ഞാൻ കരുതുന്നില്ല. റബ്കോയുമായി ബന്ധപ്പെട്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് ശ്രദ്ധയിൽപ്പെടുത്തിയാൽ (ബഡ്ജറ്റ് പ്രൊവിഷനിൽ പറഞ്ഞത്) വേണ്ട നടപടികൾ എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്റെ മണ്ഡലത്തിൽ 110 കോടി രൂപയുടെ തുറമുഖവും വ്യവസായവും ആരംഭിക്കാനുള്ള എം.ഒ.യു.-വും, ബി.ഒ.റ്റി.-യും സൈൻ ചെയ്തു. അത് വയ്ക്കാൻ കഴിഞ്ഞില്ല. ക്ലിങ്കർ ഗ്രാന്റിംഗ് യൂണിറ്റ്, ഈ സർക്കാരിന്റെ കാലത്ത് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചപ്പോൾ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ശക്തമായ പ്രക്ഷോഭങ്ങൾ കൊടുങ്ങല്ലൂരിൽ നടക്കുകയാണ്. ആ തെറ്റിദ്ധാരണ മാറ്റിക്കൊണ്ട് ആയിരക്കണക്കിന് പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന ആ വ്യവസായം കൊണ്ടുവരാൻ സർക്കാർ ശക്തമായ നടപടി സ്വീകരുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പല സ്ഥലങ്ങളിലും ഇങ്ങനെയുണ്ട്. കേരളത്തിൽ ഇത് കുറച്ച് അധികമാകുന്നുണ്ട്. ഏതെങ്കിലും ഒരാൾ വിചാരിച്ചാൽ Scar ഉണ്ടാക്കിയിട്ട്, ഇത് വന്നാൽ ആകാശം ഇടിഞ്ഞുവീഴും എന്നുള്ള നിലയിലുള്ള പ്രചാരണം നടത്തുന്നുണ്ട്. ക്ലിങ്കർ യൂണിറ്റ് സ്വകാര്യ മേഖലയിലാണ്. മലബാർ സിമെന്റ്സിന്റെ ഒരു യൂണിറ്റിലും ഈ പ്രശ്നമുണ്ട്. ഇത് കുറച്ച് ഓവർ ആകുന്നുണ്ട്. കേരളത്തിൽ വ്യവസായങ്ങളെ നിരുത്സാഹപ്പെടുത്തുന്ന തരത്തിൽ, ഏതെങ്കിലുമൊരു നിക്ഷിപ്ത താൽപ്പര്യക്കാരൻ, റോഡിന് സ്ഥലം കൊടുക്കേണ്ട ആളായിരിക്കും. അയാൾ വളരെ സമർത്ഥമായി ആളുകളെ ഇളക്കി വിടുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. അവിടെ അതാണെന്ന് ഞാൻ പറയുന്നില്ല. അത് പരിശോധിക്കേണ്ട വിഷയമാണ്. വ്യവസായം വരുമ്പോൾ അതിനെ പർപ്പസ്സായി തടയുന്നുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ട വിഷയമാണ്. അത് പരിശോധിക്കും.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് KSIDC യുടെ സഹായത്തോടുകൂടി എല്ലാ മണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ ആരംഭിക്കാൻ തീരുമാനം എടുത്തിരുന്നു. അന്ന് പറഞ്ഞിരുന്ന കണ്ടീഷൻ എല്ലാ പ്രദേശങ്ങളിലും 5 ഏക്കർ സ്ഥലം സൗജന്യമായി ലഭ്യമാക്കണമെന്നാണ്. അതനുസരിച്ച് മിക്കവാറും മണ്ഡലങ്ങളിൽ 5 ഏക്കർ സ്ഥലം സൗജന്യമായി കൊടുക്കുകയും ചെയ്തു. എന്റെ മണ്ഡലത്തിൽത്തന്നെ പഴയന്നൂർ പഞ്ചായത്തിൽ 5 ഏക്കർ സ്ഥലം സൗജന്യമായി വ്യവസായ പാർക്ക് തുടങ്ങുന്നതിനുവേണ്ടി നൽകുകയും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അങ്ങനെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 5 ഏക്കർ സ്ഥലം സൗജന്യമായി ലഭ്യമാകുകയും ചെയ്ത മണ്ഡലങ്ങളിൽ ആ വ്യവസായ പാർക്കുകൾ പ്രാവർത്തികമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സൗജന്യമായി വ്യവസായ പാർക്കുകൾക്ക് മണ്ഡലങ്ങളിൽ സ്ഥലം കൊടുക്കുമെന്നുണ്ടെങ്കിൽ അത് ആലോചിക്കാവുന്ന കാര്യമാണ്. അവിടെ പോയി ഗവൺമെന്റ് വ്യവസായം തുടങ്ങണം എന്നൊന്നുമില്ലല്ലോ. അവിടെയൊക്കെ സ്വകാര്യ സംരംഭകർ-എന്റർപ്രണേഴ്സ്-മുന്നോട്ടുവരേണ്ടിവരും. അതിന് പ്രഖ്യാപനമൊന്നും

നടത്തേണ്ട കാര്യമില്ല. അവനവന്റെ മണ്ഡലങ്ങളിൽ സ്ഥലം സൗജന്യമായി കിട്ടുകയും, അതുപോലെ എന്റർപ്രണേഴ്സിനെ ആകർഷിക്കാനും പ്രോൽസാഹിപ്പിക്കുന്നതിനും എം.എൽ.എ.മാർ മുൻകൈ എടുക്കുകയും ചെയ്യുകയാണെങ്കിൽ അതിന്റെ കൂടെ നിൽക്കാൻ ഗവൺമെന്റ് തയ്യാറാണ്. മാത്രമല്ല, പഞ്ചായത്തുകൾക്ക് പ്രൊഡക്ഷൻ പർപ്പസിനുവേണ്ടി പണം വച്ചിട്ടുണ്ട്. അവരേയും വിളിക്കാം. ഇതിനെല്ലാം ഗവൺമെന്റ് സപ്പോർട്ട് കൊടുക്കും. വ്യവസായികളെ ആകർഷിച്ച്, ചെറുകിട വ്യവസായങ്ങളെ അല്ലെങ്കിൽ ഐ.റ്റി. വ്യവസായം, ബയോ ടെക്നോളജി. ഏതായാലും അതിനൊക്കെ ലഭ്യമാകുന്ന ആനുകൂല്യങ്ങളും സപ്പോർട്ടും കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, നമ്മുടെ സംസ്ഥാനത്തുള്ള ചെറുകിട ഇടത്തരം വ്യവസായികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഗവൺമെന്റ് ആവശ്യത്തിനും പൊതുമേഖലയുടെ ആവശ്യത്തിനും വാങ്ങുമ്പോൾ എന്തെങ്കിലും മുൻഗണന നൽകുന്നുണ്ടെങ്കിൽ അത് എത്ര ശതമാനമാണ്? കൊല്ലത്തെ മീറ്റർ കമ്പനിയിൽനിന്നും ഇലക്ട്രിസിറ്റി ബോർഡിന് മീറ്റർ വാങ്ങാവുന്നതാണ്. ഒരു റേഷ്യോയിൽ വാങ്ങിയാൽത്തന്നെ ആ വ്യവസായത്തെ ഇവിടെ സംരക്ഷിക്കാൻ കഴിയും. അതിന് എന്തെങ്കിലും ഉദ്ദേശം ഉണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ചില മേഖലകളിൽ പ്രിഫറൻസുണ്ട്. ചെറുകിട വ്യവസായ മേഖലകളിൽനിന്നുള്ള സർക്കാർ പർച്ചേസിന് Price Preference ഉണ്ട്. പെർസെന്റേജ് എത്രയാണെന്ന് നോക്കിയതിന് ശേഷമേ പറയാൻ കഴിയൂ. ചെറുകിട വ്യവസായ മേഖലകൾക്കുള്ള പ്രിഫറൻസ് നമ്മുടെ പോളിസിയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ചെറുകിട, വൻകിട, പരമ്പരാഗത വ്യവസായ മേഖലകൾ ഇന്ന് പ്രതിസന്ധിയിലാണ്. കൊല്ലത്തെ കശുവണ്ടി മേഖല വലിയ പ്രതിസന്ധിയിലാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. അതുപോലെ കാപ്പെക്സിന്റെ ഫാക്ടറികളും അടഞ്ഞു കിടക്കുന്നു. സ്വകാര്യ ഫാക്ടറികളിൽ വ്യാപകമായ നിയമ നിഷേധം നടക്കുന്നു. അവിടെ വലിയ സമരമാണ്. എല്ലാ യൂണിയനുകളും ഒരുമിച്ച് സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇതിനോടകം ഒന്നുരണ്ട് ചർച്ചകളൊക്കെ നടന്നെങ്കിലും അക്കാര്യത്തിൽ കാര്യമായ ഒരു തീരുമാനം ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ ഗവൺമെന്റിന്റെ നയം വ്യക്തമാക്കുമോ; അടിയന്തിര പരിഹാരം ഈ കാര്യത്തിൽ ഉണ്ടാക്കുമോ; കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ എന്ന് തുറക്കും; സ്വകാര്യ ഫാക്ടറികളുടെ നിയമ നിഷേധം അടിയന്തിരമായി അവസാനിപ്പിക്കാൻ കഴിയുമോ? ഇതിനെക്കുറിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതിനെക്കുറിച്ച് ഒന്നല്ല; ഒന്നിലധികം ചർച്ചകൾ നടന്നു. ഗവൺമെന്റ് ബാങ്കുകളുമായി ചർച്ച നടത്തി. ബാങ്കും, ഫിനാൻസ് മിനിസ്റ്ററും, ലേബർ മിനിസ്റ്ററും എല്ലാപേരുംകൂടി നടത്തിയ യോഗത്തിൽ യോജിപ്പ് വന്നു. അവരുടെ ഹെഡ് ഓഫിസിൽ നിന്നും അത് സംബന്ധിച്ച തീരുമാനം കിട്ടാനുണ്ട്. അവർ പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

പണം മുഴുവനും കൊടുക്കാൻ നമ്മൾ തയ്യാറായിട്ടില്ല. 10 കോടി രൂപയുടെ കാര്യത്തിൽ തർക്കമുണ്ട്. അതുപോലെ റിപ്പയർ ജോലിയും മറ്റു കാര്യങ്ങളുമൊക്കെ ദ്രുതഗതിയിൽ നടക്കുകയാണ്. കശുവണ്ടി കിട്ടാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഓഗസ്റ്റ് 25-ന് മുമ്പ് തുറക്കണമെന്ന ലക്ഷ്യം വച്ചിട്ടാണ് ഞങ്ങൾ പോകുന്നത്. എക്സാക്റ്റ് ഡേറ്റ് പ്രഖ്യാപിക്കണമെന്നുണ്ടെങ്കിൽ അടുത്ത ആഴ്ച പ്രഖ്യാപിക്കാം. ജെന്റിൽമാൻസ് എഗ്രിമെന്റുണ്ട്. കശുവണ്ടി ലഭ്യമാകുന്ന പ്രശ്നവുമുണ്ട്. ഇത് രണ്ടുംകൂടിവച്ച് ഞങ്ങൾ അടുത്ത ആഴ്ച പ്രഖ്യാപിക്കാം.

ശ്രീ. എം. എ. വാഹീദ്: സർ, അപാരമായ നിയമസംരക്ഷണത്തിൻകീഴിൽ നടക്കുന്ന ഒരു വ്യവസായ സ്ഥാപനമാണ് കഴക്കൂട്ടത്തെ ടെക്നോപാർക്ക്. ഇത് വൻകിടമാണോ, ചെറുകിടമാണോ, ഇടത്തരമാണോ, എന്തെല്ലാം പ്രോൽസാഹനങ്ങളാണ് അവിടെ നൽകുന്നത് എന്ന് അവിടത്തെ ജനങ്ങൾക്കുപോലും അറിയാൻ വയ്യാത്ത സ്ഥിതി വിശേഷമാണ്. ടെക്നോപാർക്കിൽ സർക്കാർ എന്തെല്ലാമാണ് ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ടെക്നോപാർക്ക് വൻകിടമോ ചെറുകിടമോ ആയ വ്യവസായ യൂണിറ്റല്ലെന്ന് മാത്രമല്ല, അതിനകത്ത് പല യൂണിറ്റുകളുമുണ്ട്. സാമാന്യം വലിയ യൂണിറ്റുകളും, വളരെ ചെറിയ യൂണിറ്റുകളും അവിടെയുണ്ട്. അവിടെ നടക്കുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ പോയി നോക്കിയിട്ട് ജനങ്ങളെ അറിയിക്കണം. നാട്ടുകാരെ എല്ലാപേരേയും കൂട്ടിക്കൊണ്ടുപോയാൽ ബുദ്ധിമുട്ടാകും.

ശ്രീ. ടി. കെ. ദേവകുമാർ: സർ, മാനിഫെസ്റ്റോയുടെ പുന:പരിശോധനയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി ചർച്ചയിൽ ചൂണ്ടിക്കാണിച്ചു. വൻകിട, ചെറുകിട, ഇടത്തരം വ്യവസായങ്ങളെ പ്രോൽസാഹിപ്പക്കണമെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. Infrastructure വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. എന്റെ ഡിമാന്റ് ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാതെ വിട്ടുകളഞ്ഞ ഒരു കാര്യമുണ്ട്. Domestic use-ന് ഒഴിച്ചുള്ള വെള്ളത്തിന്റെ വില വർദ്ധിപ്പിക്കുമെന്ന് ജലസേചന വകുപ്പ് മന്ത്രിയും, വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുമെന്ന് വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും പറയുമ്പോൾ നടുക്കിരിക്കുന്ന വ്യവസായ വകുപ്പുമന്ത്രി വ്യവസായം എങ്ങനെ പ്രോൽസാഹിപ്പിക്കും എന്ന എന്റെ ചോദ്യത്തിന് മറുപടി പറഞ്ഞിട്ടില്ല. എൻ.എം.ഡി.സി. എന്ന സ്ഥാപനത്തിന് എന്തൊക്കെ സഹായം ചെയ്താണ് സർക്കാർ പ്രോൽസാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ആ സംരംഭവുമായി ബന്ധപ്പെട്ട് സർക്കാരിന് അവിഹിതമായി ചില പ്രോൽസാഹനങ്ങൾ കിട്ടുന്നുണ്ടെന്ന് സഭയ്ക്ക് പുറത്ത് ഉത്തരവാദപ്പെട്ട ജനപ്രതിനിധികൾ പറഞ്ഞിരിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും വ്യക്തമാക്കാനുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം എന്റെ പ്രസംഗത്തിൽ വിട്ടുകളഞ്ഞത് അത് എന്റേത് അല്ലാത്തതുകൊണ്ടാണെന്ന് മനസ്സിലായല്ലോ. മറ്റ് മന്ത്രിമാരുടേതുമായി ബന്ധപ്പെട്ടതാണ് വിട്ടുകളഞ്ഞത്. National Mineral Development Corporation നുമായിട്ട് നമുക്ക് Major Mineral വ്യവസായത്തിന് ധാരണയുണ്ട്. ഇ.ആർ.സി.യും, എൻ.എം.ഡി.സി.യുമായി ചേർന്നുകൊണ്ട് ജോയിന്റ് സെക്ടറിൽ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി വന്ന് ജിമ്മിൽ പ്രഖ്യാപിച്ച, ഒരു വൻകിട പ്രോജക്ട് റിക്കോർഡിക്കലായിട്ടുള്ള കാര്യങ്ങളൊക്കെ വച്ച് ഗവൺമെന്റ് മുൻകൈ എടുത്ത ഒരു വ്യവസായ യൂണിറ്റാണത്. അല്ലാത്ത വിവരങ്ങളൊന്നും ഗവൺമെന്റിന്റെ കൈയിലില്ല.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, ലോക മാർക്കറ്റിൽ കൈത്തറിക്കുണ്ടായിരുന്ന പ്രത്യേക പരിഗണന W.T.O.-യുടെ തീരുമാനപ്രകാരം 2004-ഓടുകൂടി അവസാനിക്കുകയാണ്. ഇതുമൂലം വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇത് മുൻകൂട്ടി കണ്ടുകൊണ്ട് നമ്മുടെ കയറ്റുമതി കുറയാതിരിക്കുവാനുള്ള എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: W T O Agreement അനുസരിച്ച് Export and Import Policy-കളിൽ വരുന്ന ചെയ്ഞ്ചസിനെക്കുറിച്ച് ആശങ്കകളുണ്ട്. അതുപോലെതന്നെ അതിനെ സംബന്ധിച്ച് പ്രതിഷേധവും ഉണ്ട്. അമേരിക്കൻ മാർക്കറ്റിനൊക്കെ കൂടുതൽ പ്രൊട്ടക്ഷനുണ്ട്. അവരുടെ പ്രൊട്ടക്ഷനും പോകും. അതുകൊണ്ട് ചിലയാളുകൾ പറയുന്നു, ചില മേഖലകൾക്ക് ഗുണം കിട്ടുമെന്ന്. അതേ അവസരത്തിൽ ഇങ്ങോട്ട് വരുന്നതിനെക്കുറിച്ച് ആശങ്കയുമുണ്ട്. അത് നമ്മൾ ചർച്ച ചെയ്യേണ്ട വിഷയമാണ്. ആ കാര്യത്തിൽ എക്സ്പോർട്ട് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണം.

സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ പദ്ധതിയും നിക്ഷേപ സമാഹരണവും

*2 [485] ശ്രീ. എ. കെ. ബാലൻ:

,, എം. വി. ജയരാജൻ:

,, മത്തായി ചാക്കോ:

,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ വായ്പാ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഈ വർഷം എത്ര കോടി രൂപ വായ്പയായി നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു;

അനുബന്ധം I

[11-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 (484) ദയവായി കാണുക.]

Incentives/Concessions as per the New Industrial Policy

I. *General*

State Investment Subsidy

Prevailing rates (in effect since 11-7-2000) to continue, as below:

Priority* Sector Units	..	15% of FCI** up to Rs. 15 lakhs
Priority Sector Units in Idukki & Wayanad and Industrial areas like growth centres and industrial parks	..	25% of FCI up to Rs. 25 lakhs
Non-priority Sector Units	..	10% of FCI up to Rs. 5 lakhs
Non-priority Units in Idukki & Wayanad and industrial areas like industrial growth centres and industrial parks	..	10% of FCI up to Rs. 10 lakhs
Investment in Pollution Control Devices	..	15% up to Rs. 5 lakhs (Separate ceiling)

Units undertaking expansion/diversification/modernisation also eligible.

Special incentives for units launching R & D efforts, to be worked out—

Special package of incentives

—for major projects (above Rs. 50 crores) on case-to-case basis

—for channelising FDI

—for large Infrastructure projects

---

* Agro based business including Food Processing, Readymade Garments, Ayurvedic Medicines, Mining, Marine Products, Light Engineering, Bio-technology and 100% Export Oriented Units.

** FCI—Fixed Capital Investment.

LIBRARY ARCHIVES Kerala Legislative Assembly

—Option to set off incentives against cost of land to units in industrial parks of Government.

II. *Exemption from Electricity Duty and Enhanced Tariff*

Exemption from Electricity Duty for 5 years to new industrial units to continue.

No enhancement in tariff rates for new industrial units commencing commercial production between 1-1-2002 and 31-12-2006, for 5 years.

III. *Waiver of Stamp Duty and Registration Fees*

All new units in industrial parks/corridors/zones to be exempt from stamp duty and registration fees.

IV. *Other Concessions*

Existing concessions for preparation of market & feasibility study to continue (cost-sharing by KSIDC)

Existing price preference to continue (15% for products of SSI units & 10% for M & LS industries)

Venture capital funding up to 40% of paid-up capital (up to Rs. 2 crores over 5 years) for new high risk projects, through Kerala State Venture Capital Fund.

KERALA STATE INDUSTRIAL DEVELOPMENT CORPORATION

An institution that is truly committed to the industrial investor

A wide range of services

Identification of viable projects; cost sharing of feasibility studies.

Escorting enterpreneurs at all levels of project implementation.

Syndication of finance and financial structuring of projects.

Nodal Agency for the Single Window Scheme.

Conducting exhibitions and seminars in order to create investor awareness about the State.

Organising business delegations to foreign countries to attract investment.

Term Loan financing & Equity participation.

Infrastructure development for Industry.

LIBRARY ARCHIVES Kerala Legislative Assembly

Financial Products from KSIDC

Equity Participation	..	In listed Companies and large projects normally 11%.
Preference Shares	..	In projects where loan bearing capacity is low initially.
Term Loans	..	At interest rates based on the nature of industry and promoter background. Rates are periodically revised to reflect market changes.
Bridge Loans	..	Against term loan sanctions, or public offerings tied-up.
Short Term Loans	..	For working capital requirements which are not usual.
Equipment Financing	..	For operating companies for financing specific equipments.

The Single Window Clearance Facility is one of its kind in India. It helps to kick-start the industry in Kerala with absolute ease. According to the scheme, all required Government clearances are granted within a stipulated time frame. All the clearances can be obtained by filing a single application form with KSIDC.

അനുബന്ധം I എ

ചെറുകിട വ്യവസായ മേഖലയ്ക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ

1. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിത്ത് മൂലധനവായ്പ.
2. വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തവും ധനസഹായവും കരകൗശല മേഖലയ്ക്ക് ആനുകൂല്യങ്ങൾ.
3. അടിസ്ഥാന സൗകര്യ വികസനങ്ങൾ, വികസന പ്ലോട്ടുകളിലും പ്രദേശങ്ങളിലും മിനി വ്യവസായ എസ്റ്റേറ്റുകളിലും വിലകുറച്ച് സ്ഥലം സംരംഭകർക്ക് അനുവദിച്ചു കൊടുക്കുന്നു.
4. തീവ്ര വ്യവസായവൽക്കരണ പദ്ധതി.
5. വ്യവസായ ഇൻകുബേറ്ററുകൾ.
6. സാങ്കേതിക വിദ്യാവികസന ഫണ്ട്.
7. വ്യവസായ ഇൻകുബേറ്ററുകൾ.
8. വ്യവസായ സമുച്ചയ വികസന പരിപാടി.
9. വിപണന പദ്ധതി.
10. സംസ്ഥാന നിക്ഷേപ സബ്സിഡി.
11. സ്റ്റോർ പർച്ചേസ് അനുസരിച്ചുള്ള പ്രൈസ് പ്രിഫറൻസ്, നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒഴിവാക്കൽ മുതലായവ.

LIBRARY ARCHIVES Kerala Legislative Assembly

12. ലൈസൻസുകൾ എളുപ്പത്തിൽ ലഭ്യമാക്കാനുള്ള ഗ്രീൻ ചാനൽ, ഏകജാലക ക്ലിയറൻസ് ബോർഡ് സംവിധാനം.
13. ഇൻഡസ്ട്രി ഫെസിലിറ്റേഷൻ കൗൺസിലിന്റെ സേവനം.
14. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (കേന്ദ്ര പദ്ധതി).
15. പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം.
16. കാർഷിക അടിസ്ഥാന ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്ക് സഹായം.

അനുബന്ധം I ബി

ചെറുകിട വ്യവസായ മേഖലയ്ക്കായി റിസർവ്വ് ചെയ്തിട്ടുള്ള ഇനങ്ങൾ

(എ) ഫുഡ് ആന്റ് അലൈഡ് ഇൻഡസ്ട്രീസ് (12)
(ബി) ടെക്സ്റ്റയിൽ പ്രോജക്ട്സ് ഹോസിയറി ഉൾപ്പെടെ (21)
(സി) വുഡ് ആന്റ് വുഡ് പ്രൊഡക്ട്സ് (14)
(ഡി) പേപ്പർ ഉല്പന്നങ്ങൾ (27)
(ഇ) റബ്ബർ ഉല്പന്നങ്ങൾ (21)
(എഫ്) പ്ലാസ്റ്റിക് ഉല്പന്നങ്ങൾ
(ജി) ഇൻജംഗ്ഷൻ മോൾഡിംഗ്-തെർമോ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ (46)
(എച്ച്) കെമിക്കലുകളും കെമിക്കൽ ഉല്പന്നങ്ങളും
(ഐ) നാച്ചുറൽ എസൻഷ്യൽ ഓയിൽ
(ജെ) ഓർഗാനിക് കെമിക്കൽസ്, ഡ്രഗ്സ്, ഡ്രഗ് ഇന്റർമീഡിയേറ്റ്സ് (34)
(കെ) മറ്റു കെമിക്കൽസും കെമിക്കൽ ഉൽപ്പന്നങ്ങളും (71)
(എൽ) ഗ്ലാസ് ആന്റ് സെറാമിക്സ് (27)
(എം) മെക്കാനിക്കൽ എഞ്ചിനീയറിംഗ് ട്രാൻസ്പോർട്ട് എക്വിപ്മെന്റ് ഉൾപ്പെടെ (183)
(എൻ) ഇലക്ട്രിക്കൽ മെഷീൻസ്, അപ്ലൈയൻസ് ആന്റ് അപ്പാരറ്റസ് (47)
(ഒ) ഇലക്ട്രോണിക് എക്വിപ്മെന്റ്സ് ആന്റ് കമ്പോണൻസ് (9)
(പി) ട്രാൻസ്പോർട്ട് എക്വിപ്മെന്റ് ആന്റ് ട്രക്ക് ബോഡി ബിൽഡിംഗ് (3)
(ക്യു) ആട്ടോ പാർട്സ് കമ്പോണന്റ്സ് ആന്റ് ആൻസിലറീസ് ആന്റ് ഗാരേജ് എക്വിപ്മെന്റ്സ് (144)
(ആർ) ബൈസൈക്കിൾ പാർട്ട്, ട്രൈസൈക്കിൾ ആന്റ് പെരാംബുലേറ്റേഴ്സ് (42)
(എസ്) മിസലേനിയസ് ട്രാൻസ്പോർട്ട് എക്വിപ്മെന്റ് (4)
(ടി) സ്പോർട് ഗുഡ്സ് (7)
(യു) സ്റ്റേഷനറി ഐറ്റംസ് (13)
(വി) മറ്റുള്ളവ (22).

LIBRARY ARCHIVES Kerala Legislative Assembly